# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1194 — 12.06.14 ൽ – മറുപടിക്ക്

## അനധികൃതമായ ബി.പി.എൽ കാർഡുകൾ

**ചോദ്യം**

ശ്രീമതി കെ.എസ്.സലീഖ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ട്; അതിൽ എ.പി.എൽ/ ബി.പി.എൽ, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) നിലവിൽ 8286112 കാർഡുകളാണ് ഉള്ളത്.

| ജില്ല | APL | BPL | AAY | Total |
|---|---|---|---|---|
| തിരുവനന്തപുരം | 698099 | 162846 | 65250 | 926195 |
| കൊല്ലം | 503662 | 155138 | 51313 | 710113 |
| ആലപ്പുഴ | 396160 | 132017 | 42825 | 571002 |
| പത്തനംതിട്ട | 250008 | 57900 | 26489 | 334397 |
| കോട്ടയം | 369186 | 96240 | 34541 | 499967 |
| ഇടുക്കി | 199997 | 60982 | 32480 | 293459 |
| എറണാകുളം | 676491 | 102548 | 38964 | 818003 |
| തൃശ്ശൂർ | 575286 | 172329 | 56792 | 804407 |
| പാലക്കാട് | 552397 | 99647 | 47566 | 699610 |
| മലപ്പുറം | 646126 | 144506 | 53959 | 844591 |
| കോഴിക്കോട് | 543418 | 132022 | 41722 | 717162 |
| വയനാട് | 129572 | 33553 | 41024 | 204149 |
| കണ്ണൂർ | 454218 | 91340 | 35739 | 581297 |
| കാസർഗോഡ് | 212282 | 48909 | 20569 | 281760 |
| ആകെ | 6206902 | 1489977 | 589233 | 8286112 |

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റി, എത്ര ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കി മാറ്റി ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 75873 എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റുകയും 48639 ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

| ജില്ല | എ.പി.എൽ–ബി.പി.എൽ | ബി.പി.എൽ–എ.പി.എൽ |
|---|---|---|
| തിരുവനന്തപുരം | 3724 | 8440 |
| കൊല്ലം | 6191 | 5290 |
| ആലപ്പുഴ | 2595 | 5571 |
| പത്തനംതിട്ട | 1096 | 1775 |
| കോട്ടയം | 1109 | 3793 |
| ഇടുക്കി | 1632 | 718 |
| എറണാകുളം | 3627 | 4008 |
| തൃശ്ശൂർ | 15828 | 3563 |
| പാലക്കാട് | 7023 | 1967 |
| മലപ്പുറം | 4325 | 3239 |
| കോഴിക്കോട് | 11000 | 5196 |
| വയനാട് | 12640 | 1102 |
| കണ്ണൂർ | 1889 | 2473 |
| കാസർഗോഡ് | 3194 | 1604 |
| ആകെ | 75873 | 48639 |

(സി) കേന്ദ്ര / സംസ്ഥാന / പൊതു മേഖല ജീവനക്കാരിൽ എത്ര പേർക്ക് ഇപ്പോഴും ബി.പി.എൽ കാർഡുകളുണ്ട് എന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(സി) കേന്ദ്ര/സംസ്ഥാന/പൊതുമേഖല ജീവനക്കാർ ആരും തന്നെ ബി.പി.എൽ കാർഡിന് അർഹരല്ല. എന്നാൽ ബി.പി.എൽ കാർഡ് മുൻപേ ലഭിച്ചശേഷം കുടുംബങ്ങളിൽ ആർക്കെങ്കിലും മേൽ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. അനർഹരെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടന്നുവരുന്നു.

(ഡി) സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കി മാറ്റിയ എത്ര കേന്ദ്ര/ സംസ്ഥാന / പൊതുമേഖല ജീവനക്കാരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ബി.പി.എൽ കാർഡുകൾ എ.പി.എൽ കാർഡുകളാക്കി മാറ്റി നൽകിയ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

| ജില്ല | എണ്ണം. |
|---|---|
| തിരുവനന്തപുരം | 8221 |
| കൊല്ലം | 5290 |
| ആലപ്പുഴ | 5469 |
| പത്തനംതിട്ട | 1050 |
| കോട്ടയം | 1109 |
| ഇടുക്കി | 259 |
| എറണാകുളം | 3213 |
| തൃശ്ശൂർ | 2914 |
| പാലക്കാട് | 1041 |
| മലപ്പുറം | 3202 |
| കോഴിക്കോട് | 5196 |
| വയനാട് | 1065 |
| കണ്ണൂർ | 1694 |
| കാസർഗോഡ് | 1203 |
| ആകെ | 40926 |

| | | | |
|---|---|---|---|
| (ഇ) | ബി.പി.എൽ കാർഡുകൾ കൈവശംവച്ച് പിടിക്കപ്പെട്ട എത്ര കേന്ദ്ര/സംസ്ഥാന/ പൊതുമേഖല ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിച്ചു; എന്തുതുക ഫൈൻ ഇനത്തിൽ ഈടാക്കി; വ്യക്തമാക്കുമോ; | (ഇ) | തിരുവനന്തപുരം ജില്ലയിൽ അനർഹമായി ബി.പി.എൽ കാർഡ് കൈവശം വച്ചിരുന്ന 5 സർക്കാർ/അർദ്ധസർക്കാർ ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. 32874/- രൂപ വീതം ഫൈൻ ഈടാക്കിയിട്ടുണ്ട്. |
| (എഫ്) | ബി.പി.എൽ കാർഡുകൾ കൈവശംവച്ചിരിക്കുന്ന അവശേഷിക്കുന്ന കേന്ദ്ര/ സംസ്ഥാന / പൊതുമേഖലാ ജീവനക്കാരുടെ പേരിൽ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എഫ്) | ജില്ലാ കളക്ടർമാരുടെ ചുമതലയിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി, അനർഹമായി ബി.പി.എൽ കാർഡുകൾ കൈവശം വച്ചിരിക്കുന്ന കേന്ദ്ര/സംസ്ഥാന/അർദ്ധസർക്കാർ/പൊതുമേഖലാ ജീവനക്കാരുടെ ബി.പി.എൽ കാർഡുകൾ റദ്ദാക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഫൈൻ ഈടാക്കുന്നുമുണ്ട്. പ്രോസിക്യൂഷൻ നടപടിയ്ക്കായി ശുപാർശ ചെയ്യുന്നതിനും നടപടികൾ കൈക്കൊളളുവാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ജി) | അനധികൃതമായി ബി.പിഎൽ കാർഡുകൾ കൈവശം വച്ച് ഉപയോഗിക്കുന്ന മറ്റ് വിഭാഗക്കാർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ജി) | ജില്ലാ കളക്ടറുടെ ചുമതലയിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി അനർഹമായി ബി.പി.എൽ. കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ ബി.പി.എൽ. കാർഡുകൾ റദ്ദാക്കി ഫൈൻ ഈടാക്കുന്നു. പ്രോസിക്യൂഷൻ നടപടികൾ ശുപാർശ ചെയ്യുന്നതിനും നടപടികൾ കൈക്കൊളളുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ